ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.04.2024** **TIME : 07.25AM**

## പ്രധാന വാർത്തകൾ

1) ആദ്യഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന് ദിവസങ്ങൾ ബാക്കി നിൽക്കെ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ കക്ഷികൾ.

**With days left for the first phase of the Lok Sabha elections, political parties have intensified election campaigns.**

2) ഭരണഘടന റദ്ദാക്കാൻ കഴിയില്ലെന്നും ഇതുമായി ബന്ധപ്പെട്ട് പ്രതിപക്ഷ പാർട്ടികൾ നുണകൾ പ്രചരിപ്പിക്കുകയാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി; സമ്പന്നരായ വ്യവസായികൾക്ക് വേണ്ടിയാണ് എൻഡിഎ സർക്കാർ പ്രവർത്തിക്കുന്നതെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി.

**Prime Minister Narendra Modi that the Constitution cannot be abolished and opposition parties are spreading lies in this regard; Congress leader Rahul Gandhi said that the NDA Government is centering only around certain rich industrialists.**

3) ഉന്നത കമാൻഡർമാരെ കൊലപ്പെടുത്തിയ വ്യോമാക്രമണത്തിന് തിരിച്ചടിയായി ഇറാൻ ഇസ്രയേലിനെ ആക്രമിച്ചേക്കുമെന്ന് യുഎസ് പ്രസിഡൻറ് ജോ ബൈഡൻ.

**US President Joe Biden says Iran may attack Israel in retaliation for airstrikes that killed its top commanders.**

4) **ഇന്ന് ജാലിയൻ വാലാബാഗ് ദിനം; ജീവത്യാഗം ചെയ്ത സ്വാതന്ത്ര്യ സമര സേനാനികളുടെ സ്മരണയിൽ രാജ്യം.**

**Today is Jallianwala Bagh Day; Country in memory of freedom fighters who sacrificed their lives.**

5) **തൃശൂർ പൂരത്തിന് ഇന്ന് കൊടിയേറും; പൂരം ഈ മാസം 19-ന്.**

**Thrissur Pooram Kodiyettam today; Pooram on 19th of this month.**

6) **ഐഎസ്എൽ ഫുട്ബോളിൽ അവസാന ലീഗ് മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സിന് വിജയം; ഐപിഎൽ ക്രിക്കറ്റിൽ ഡൽഹി ലക്നൗവിനെ തോൽപിച്ചു.**

**Kerala Blasters win the last league match in ISL Football; Delhi beat Lucknow in IPL cricket.**

**&&&&&&&&&&&&&&&&&&&&**

## PREZ-MSG

ഇന്നും നാളെയുമായി രാജ്യമെമ്പാടും നടക്കുന്ന വിളവെടുപ്പ് ആഘോഷങ്ങൾക്ക് രാഷ്ട്രപതി ദ്രൗപദി മുർമു ആശംസ അറിയിച്ചു. വൈശാഖി, വിഷു, ബിഷുബ്, ബഹാഗ് ബിഹു, പൊഹേലാ ബോയ്ശാഖ്, പുത്താണ്ട് എന്നിങ്ങനെ വിവിധ പേരുകളിലാണ് വിളവെടുപ്പ് അഘോഷങ്ങൾ കൊണ്ടാടുന്നത്. രാജ്യത്തുടനീളമുള്ള കർഷകരുടെ കഠിനാധ്വാനത്തിന് രാഷ്ട്രപതി നന്ദി രേഖപ്പെടുത്തി. ഉപരാഷ്ട്രപതി ജഗദീപ് ധൻകറും ആശംസ അറിയിച്ചു. രാജ്യത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന്റെ ഉദാഹരണമായി തനതായ പേരുകളും പാരമ്പര്യങ്ങളുമാണ് ഈ ഉത്സവങ്ങളിലൂടെ രാജ്യത്തുടനീളം ആഘോഷിക്കപ്പെടു ന്നതെന്ന് അദ്ദേഹം സന്ദേശത്തിൽ പറഞ്ഞു.

**&&&&&&&&&&&&&&&&&&&&**

## ELECTION-CAMPAIGN-NATIONAL (INTRO)

ആദ്യഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമാക്കി

രാഷ്ട്രീയ കക്ഷികൾ. ഒരു കാരണവശാലും ഭരണഘടന റദ്ദാക്കാൻ കഴിയില്ലെന്നും ഭരണഘടനയുടെ പേരിൽ പ്രതിപക്ഷ പാർട്ടികൾ നുണകൾ ചമയ്ക്കുകയാണെന്നും പ്രധാനമന്ത്രിയും നരേന്ദ്ര മോദി പറഞ്ഞു. രാജസ്ഥാനിലെ ബാർമറിൽ നടന്ന ബിജെപി തെരഞ്ഞെടുപ്പ് പ്രചാരണ യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

വിശദാംശങ്ങളിലേക്ക്.................

**(വോയ്സ്)**

എൻ ഡി എ ഭരണകാലത്താണ് ഭരണഘടനാ ദിനം ആചരിക്കാനാരംഭിച്ചതെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. പൊതു തെരഞ്ഞെടുപ്പിൽ ബാബാ സാഹിബ് അംബേദ്കറെ പരാജയപ്പെടുത്തിയ പാർട്ടിയാണ് കോൺഗ്രസെന്നും അദ്ദേഹത്തിന് ഭാരതരത്ന പുരസ്കാരം നൽകി ആദരിക്കാൻ തയ്യാറായില്ലെന്നും ശ്രീ മോദി ആരോപിച്ചു. ദൗസയിൽ നടന്ന റോഡ് ഷോയിലും അദ്ദേഹം പങ്കെടുത്തു. ചില സമ്പന്നരായ വ്യവസായികൾക്ക് വേണ്ടിയാണ് എൻഡിഎ സർക്കാർ പ്രവർത്തിക്കുന്നതെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ആരോപിച്ചു. തിരുനെൽവേലിയിൽ നടന്ന തിരെഞ്ഞെടുപ്പ് റാലിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. തെക്കൻ തമിഴ്നാട്ടിലെ കോൺഗ്രസ് സ്ഥാനാർത്ഥികൾ റാലിയിൽ സന്നിഹിതരായിരുന്നു. ഇഡി, സിബിഐ, ഐടി എന്നിവയെ ഉപയോഗിച്ച് പ്രതിപക്ഷ പാർട്ടികളെ ബിജെപി ഭീഷണിപ്പെടുത്തുകയാണെന്ന് ശ്രീ രാഹുൽ കുറ്റപ്പെടുത്തി.കോയമ്പത്തൂരിൽ നടന്ന പ്രചാരണത്തിൽ തമിഴ്നാട് മുഖ്യമന്ത്രി സ്റ്റാലിൻ പങ്കെടുത്തു. പ്രത്യയശാസ്ത്രങ്ങൾ തമ്മിൽ നടക്കുന്ന തിരെഞ്ഞെടുപ്പ് പോരാട്ടം രണ്ടാം സ്വാതന്ത്ര്യ സമരമാണെന്ന് തമിഴ്നാട് മുഖ്യമന്ത്രി പറഞ്ഞു. കേന്ദ്രസർക്കാർ വ്യവസായികൾക്കുള്ള വൻകിട വായ്പകൾ എഴുതിത്തള്ളി അഴിമതി

നിയമവിധേയമാക്കിയെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. ഡിഎംകെയെയും എഐഎഡിഎംകെയെയും തമിഴ്നാട്ടിൽ നിന്ന് പുറത്താക്കാൻ ബിജെപിയുടെ മുതിർന്ന നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ വോട്ടർമാരോട് ആഹ്വാനം ചെയ്തു. മധുരയിൽ നടന്ന റോഡ് ഷോയിൽപങ്കെടുത്ത അദ്ദേഹം വികസനമാണ് ശ്രീ മോദിയുടെ ലക്ഷ്യമെന്ന് വ്യക്തമാക്കി. തമിഴ് ഭാഷയെ ആഗോള തലത്തിൽ പ്രോത്സാഹിപ്പികാനാണ് ബിജെപി ആഗ്രഹിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

ന്യൂസ്ഡെസ്ക് ആകാശവാണി.......

&&&&&&&&&&&&&&&&&&&&

## ELECTION KERALA

കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം സജീവം. എൻഡിഎയുടെ പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ എത്തും. തിരുവനന്തപുരത്ത് കാട്ടാക്കടയിലും തൃശൂരിൽ കുന്നംകുളത്തും നടക്കുന്ന പൊതു സമ്മേളനങ്ങളിൽ അദ്ദേഹം സംസാരിക്കും. വയനാട് ലോക്സഭ മണ്ഡലം യു.ഡി.എഫ് സ്ഥാനാർഥി രാഹുൽ ഗാന്ധി തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ മണ്ഡലത്തിൽ തെരെഞ്ഞെടുപ്പ് പ്രചാരണം നടത്തും. കൊല്ലം ലോക്സഭ എൻഡിഎ സ്ഥാനാർത്ഥി കൃഷ്ണകുമാർ.ജി - യുടെ തെരെഞ്ഞെടുപ്പ് പ്രചരണാർത്ഥം രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ് വ്യാഴാഴ്ച കേരളത്തിലെത്തും.

&&&&&&&&&&&&&&&&&&&&

## US-ISRAEL-IRAN

ഉന്നത കമാൻഡർമാരെ കൊലപ്പെടുത്തിയ വ്യോമാക്രമണത്തിന് തിരിച്ചടിയായി ഇറാൻ ഇസ്രയേലിനെ ആക്രമിച്ചേക്കുമെന്ന് യുഎസ് പ്രസിഡൻറ് ജോ ബൈഡൻ പറഞ്ഞു. ഇറാൻറെ ശ്രമം വിജയിക്കില്ലെന്നും ഇസ്രയേലിനെ

സഹായിക്കാൻ അമേരിക്ക പ്രതിജ്ഞാബദ്ധമാണെന്നും ബൈഡൻ പറഞ്ഞു. അതേസമയം, ലെബനനിൽ നിന്ന് ഹിസ്ബുള്ള ഇസ്രയേലിലേക്ക് ഡസൻ കണക്കിന് റോക്കറ്റുകൾ വിക്ഷേപിച്ചു. 40 ഓളം മിസൈലുകളും രണ്ട് ഡ്രോണുകളും തൊടുത്തതായി ഇസ്രായേൽ പ്രതിരോധസേനാ വക്താവ് പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## MEA ADVISORY

ഇനിയൊരു അറിയിപ്പുണ്ടാകും വരെ ഇന്ത്യാക്കാർ ഇറാനിലേക്കോ ഇസ്രായേലിലേക്കോ യാത്ര ചെയ്യരുതെന്ന് വിദേശകാര്യ മന്ത്രാലയം. മേഖലയിലെ സവിശേഷ സാഹചര്യം കണക്കിലെടുത്താണ് നിർദ്ദേശം. ഈ രാജ്യങ്ങളിൽ താമസിക്കുന്ന ഇന്ത്യൻ പൗരൻമാർ എംബസികളുമായി ബന്ധപ്പെടണമെന്നും രജിസ്റ്റർ ചെയ്യണമെന്നും മന്ത്രാലയം അറിയിച്ചു. സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കാനും യാത്രകൾ കുറയ്ക്കാനും മന്ത്രാലയം അഭ്യർഥിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&

## CONGRESS CAMPAIGN-VIDARBHA

കേന്ദ്ര മന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ രാജ്നാഥ് സിംഗ് ഇന്നലെ ഉത്തരാഖണ്ഡിൽ മൂന്ന് തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്തു. അയൽരാജ്യങ്ങളുമായി സൗഹാർദ്ദപരമായ ബന്ധം വളർത്തിയെടുക്കാനുള്ള ഇന്ത്യയുടെ പ്രതിബദ്ധത അദ്ദേഹം എടുത്തുപറഞ്ഞു. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഇന്ന് മഹാരാഷ്ട്രയിലെ വിദർഭ മേഖലയിലെ ഭണ്ഡാര-ഗോണ്ടിയ ലോക്സഭാ മണ്ഡലത്തിൽ മഹാവികാസ് അഘാഡി സ്ഥാനാർത്ഥി ഡോ. പ്രശാന്ത് യാദവ്റാവു പഡോലെയ്ക്കായി പ്രചാരണം നടത്തും. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ നാളെ നാഗ്പൂരിലെ ചമ്പൽ ചൗക്കിൽ

പൊതുയോഗത്തെ അഭിസംബോധന ചെയ്യും. ആദ്യഘട്ടത്തിൽ വിദർഭയിലെ അഞ്ച് ലോക്സഭാ മണ്ഡലങ്ങളിൽ തെരെഞ്ഞെടുപ്പ് നടക്കും.

&&&&&&&&&&&&&&&&&&&&

## CENTRAL PERMISSION

വായ്പാ പരിധിയിൽ നിന്ന് 3,000 കോടി രൂപ കടമെടുക്കാൻ കേരളത്തിന് മുൻകൂർ അനുമതി നൽകി കേന്ദ്ര സർക്കാർ. 5,000 കോടി രൂപയായിരുന്നു സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത്.

&&&&&&&&&&&&&&&&&&&&

## CMRL

മാസപ്പടി കേസിൽ സിഎംആർഎൽ എംഡി അടക്കം നാല് പേർ തിങ്കളാഴ്ച ഹാജരാകണമെന്ന് കാണിച്ച് ഇഡി നോട്ടീസ് നൽകി. ശശിധരൻ കർത്തയ്ക്ക് പുറമെ കമ്പനി ചീഫ് ഫിനാൻസ് ഓഫീസർ കെ എസ് സുരേഷ് കുമാർ, മാനേജർ എൻ സി ചന്ദ്രശേഖരൻ, സീനിയർ ഐടി ഓഫിസർ അഞ്ജു, എന്നിവരാണ് ഹാജരാകേണ്ടത്. സിഎംആർഎൽ കമ്പനിയും ശ്രീമതി വീ ണ വിജയൻറെ ഉടമസ്ഥതയിലുള്ള എക്സാലോജിക് കമ്പനിയും തമ്മിൽ ഉണ്ടാക്കിയ സാമ്പത്തിക ഇടപാടിൻറെ രേഖകൾ ഹാജരാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&

## POOKKODE

പൂക്കോട് വെറ്റിനറി കോളേജിലെ വിദ്യാർഥി സിദ്ധാർത്ഥൻറെ മരണം സംബന്ധിച്ച കേസ് അന്വേഷിക്കുന്ന സി ബി ഐ സംഘം ഇന്ന് വയനാട്ടിലെത്തും. ഫൊറൻസിക് സംഘമടക്കമുള്ളവരാണ് ഇന്ന് പൂക്കോട് കോളേജ് സന്ദർശിക്കുന്നത്. സിദ്ധാർത്ഥനെ മരിച്ച നിലയിൽ കണ്ടെത്തിയവരെല്ലാം ഇന്ന് ഹാജരാകണമെന്ന് സി ബി ഐ നിർദ്ദേശിച്ചിട്ടുണ്ട്. ഇവരുടെ മൊഴി രേഖപ്പെടുത്തിയ ശേഷമാകും തുടരന്വേഷണം.

&&&&&&&&&&&&&&&&&&&&

## JALIANWALA BAGH (INTRO)

ഇന്ത്യൻ സ്വാതന്ത്ര്യസമര പോരാട്ടത്തിലെ ഏറ്റവും രക്തരൂഷിതമായ അധ്യായമെന്ന് ചരിത്രം അടയാളപ്പെടുത്തുന്ന ജാലിയൻ വാലാബാഗ് കൂട്ടക്കൊല നടന്നിട്ട് ഇന്ന് 105 വർഷം പിന്നിടുന്നു. ലോകചരിത്രത്തിലെതന്നെ ഏറ്റവും ക്രൂരമായ നരവേട്ടകളിലൊന്നാണ് 1919 ഏപ്രിൽ 13ന് ജാലിയൻ വാലാബാഗിൽ ബ്രിട്ടീഷ് സൈന്യം നടത്തിയത്. ഒരു റിപ്പോർട്ട്...

**(വോയ്സ്)**

1919 മാർച്ചിൽ ബ്രിട്ടീഷ് ഭരണകൂടം പാസാക്കിയ റൗലറ്റ് എന്ന കരിനിയമത്തിനെതിരായ പ്രതിഷേധമാണ് ജാലിയൻ വാലാബാഗിൽ കിരാതമായ നടപടിയിലേക്ക് നയിച്ചത്. വാറന്റ് കൂടാതെ അറസ്റ്റ് ചെയ്യാനും വിചാരണ കൂടാതെ തുറങ്കിലടയ്ക്കാനും അനുവദിക്കുന്ന റൗലറ്റ് നിയമം പിൻവലിക്കുംവരെ പോരാടുമെന്ന് പ്രഖ്യാപിച്ച് ഇന്ത്യൻ ജനത രാജ്യവ്യാപകമായി പ്രക്ഷോഭം ആരംഭിച്ചു. പ്രതിഷേധത്തിനിടെ അറസ്റ്റിലായ നേതാക്കളെ വിട്ടയക്കണമെന്നാവശ്യപ്പെട്ട് 1919 ഏപ്രിൽ 13ന് പഞ്ചാബിലെ അമൃത്സറിൽ ആയിരങ്ങൾ ചേർന്ന് യോഗം സംഘടിപ്പിച്ചു. യോഗം തുടങ്ങി ഒരു മണിക്കൂർ പിന്നിട്ടപ്പോഴേക്കും സൈനിക കമാൻഡർ ജനറൽ റെജിനാൾഡ് എഡ്വേർഡ് ഹാരി ഡയറിന്റെ നേതൃത്വത്തിൽ സൈന്യം ജാലിയൻ വാലാബാഗ് മൈതാനം വളഞ്ഞു. ജനക്കൂട്ടത്തിന് നേരെ ജനറൽ ഡയർ വെടിവയ്പിന് ഉത്തരവിട്ടു. നിരായുധരായ സ്ത്രീകളും കുട്ടികളും ഉൾപ്പെടെ വെടിവെപ്പിൽ മരിച്ചുവീണു. 379 പേർ മരിക്കുകയും 1100 പേർക്ക് ഗുരുതരമായി പരിക്ക് പറ്റുകയും ചെയ്തുവെന്നാണ് ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ റിപ്പോർട്ട്. എന്നാൽ, 1800 പേർ കൊല്ലപ്പെട്ടെന്നാണ് അനൗദ്യോഗിക കണക്ക്. കരി നിയമമായ റൗളറ്റ് ആക്റ്റ് പിന്നീട് 1922-ൽ ബ്രിട്ടീഷ് ഭരണകൂടം പിൻവലിച്ചു. ജാലിയൻവാലാബാഗ് കൂട്ടക്കൊലയുടെ നൂറാം വാർഷികത്തോടനുബന്ധിച്ച് 2019-ൽ

ബ്രിട്ടീഷ് പ്രധാനമന്ത്രി തെരേസാ മെയ് പാർലമെന്റിൽ ഖേദം പ്രകടിപ്പിച്ചിരുന്നു.

**ന്യൂസ്ഡെസ്ക് ആകാശവാണി............**

&&&&&&&&&&&&&&&&&&&&

## THRISSUR POORAM

തൃശൂർ പൂരത്തിന് ഇന്ന് കൊടിയേറും. തിരുവമ്പാടി, പാറമേക്കാവ് ക്ഷേത്രങ്ങളിലും മറ്റ് എട്ടു ഘടകക്ഷേത്രങ്ങളിലും കൊടിയേറ്റം ആഘോഷമായി നടത്തും . തിരുവമ്പാടി ക്ഷേത്രത്തിൽ പകൽ 11 നും 11.30 നും മധ്യേയും പാറമേക്കാവ് ക്ഷേത്രത്തിൽ പകൽ 12നുമാണ് കൊടിയേറ്റം. ബുധനാഴ്ച വൈകിട്ടാണ് സാമ്പിൾ വെടിക്കെട്ട്. 19-നാണ് വിശ്വ പ്രസിദ്ധമായ തൃശൂർ പൂരം.

&&&&&&&&&&&&&&&&&&&&

## SABARIMALA – VISHU

വിഷുക്കണി ദർശനത്തിനൊരുങ്ങി ശബരിമല സന്നിധാനം. ഇന്ന് രാത്രി 9.30 ന് അത്താഴ പൂജയ്ക്ക് ശേഷം ശ്രീകോവിലിൽ ഓട്ടുരുളിയിൽ വിഷുക്കണി ഒരുക്കും. വിഷു ദിനമായ നാളെ പുലർച്ചെ 4 മണി മുതൽ 7 മണിവരെയാണ് വിഷുക്കണി ദർശനം.

&&&&&&&&&&&&&&&&&&&&

## RAIN – KERALA

കൊടും ചൂടിന് ആശ്വാസമായി കേരളത്തിൽ വേനൽ മഴ. ഇന്നലെ മെച്ചപ്പെട്ട മഴ ലഭിച്ചു. അടുത്ത ദിവസങ്ങളിലും മഴ പ്രതീക്ഷിക്കാമെന്ന് കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഈ മാസം മറ്റന്നാൾ വരെ മിക്ക ജില്ലകളിലും മഴ ലഭിക്കും. ഇന്ന് സംസ്ഥാനത്തെ 14 ജില്ലകളിലും മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് പ്രവചനം. നാളെ 11 ജില്ലകളിലും മറ്റന്നാൾ 7 ജില്ലകളിലും 16-ാം തിയതി 11 ജില്ലകളിലും മഴ സാധ്യതയുണ്ട്. കേരള തീരത്ത് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&

## ISL

ഐഎസ്എൽ ഫുട്ബോൾ അവസാന ലീഗ് മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സിന് വിജയം. ഒന്നിനെതിരെ മൂന്ന് ഗോളുകൾക്കാണ് ഹൈദരാബാദ് എഫ്സിയെ ബ്ലാസ്റ്റേഴ്സ് കീഴടക്കിയത്. മുഹമ്മദ് ഐമൻ, ഡൈസുകേ സകായി, നിഹാൽ സുധീഷ് എന്നിവരാണ് ബ്ലാസ്റ്റേഴ്സിനായി ലക്ഷ്യം കണ്ടത്. 22 മത്സരങ്ങളിൽ നിന്ന് 33 പോയിൻറുമായി ടേബിളിൽ അഞ്ചാം സ്ഥാനത്താണ് ബ്ലാസ്റ്റേഴ്സ്. ഈ മാസം 19 മുതൽ പ്ലേ ഓഫ് എലിമിനേറ്റർ പോരാട്ടം തുടങ്ങും.

&&&&&&&&&&&&&&&&&&&&

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരത്തിൽ ലക്നൗവിനെതിരെ ഡൽഹിക്ക് ആറ് വിക്കറ്റ് ജയം. 168 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഡൽഹി നാല് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം കണ്ടു. ഇന്ന് രാജസ്ഥാൻ റോയൽസ് പഞ്ചാബ് കിങ്സിനെ നേരിടും. രാത്രി 7.30-ന് ചണ്ഡീഗഢിലാണ് മത്സരം. അഞ്ചു അഞ്ച് കളികളിൽ നിന്നായി 8 പോയിന്റുകളോടെ രാജസ്ഥാൻ റോയൽസ് പോയിന്റ് പട്ടികയിൽ ഒന്നാമതാണ്.

&&&&&&&&&&&&&&&&&&&&

## INFLATION

2024 മാർച്ച് മാസത്തിൽ ചില്ലറവിലയെ അടിസ്ഥാനമാക്കിയുള്ള രാജ്യത്തെ ഉപഭോക്തൃ പണപ്പെരുപ്പം 4.86 ശതമാനമായി കുറഞ്ഞു. അഞ്ചുമാസത്തിനിടയിലെ കുറഞ്ഞ നിരക്കാണിത്. ഭക്ഷ്യ വസ്തുക്കളുടെ വിലയിലുണ്ടായ കുറവാണ് പണപ്പെരുപ്പം കുറയാൻ സഹായകമായതെന്ന് കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം വ്യക്തമാക്കി. മാർച്ചിലു

കേരളത്തിൽ വിലക്കയറ്റം കൂടി. ഫെബ്രുവരിയിലെ 4.64 ശതമാനത്തിൽ നിന്ന് 4.84 ശതമാനമായാണ് വർദ്ധന.

&&&&&&&&&&&&&&&&&&&&

## ELEPHANT

കോട്ടപ്പടി പ്ലാച്ചേരിയിൽ കിണറ്റിൽ വീണ് കാട്ടുകൊമ്പനെ 16 മണിക്കൂറോളം നീണ്ട രക്ഷാ പ്രവർത്തനത്തിലൂടെ കരകയറ്റി കാട്ടിലേക്ക് വിട്ടു.

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&

&&&&&&&&&&&&&